# ആര്യാട് ഗ്രാമ പഞ്ചായത്ത്

കോമളപുരം, അവലുക്കുന്ന് പി.ഒ., ആലപ്പുഴ -688006
ഫോൺ: 0477-2258030
ഇ-മെയിൽ : aryaadgp@gmail.com


നമ്പർ: A2.4348440-2026 തീയതി : 14.07.2026

## ടെണ്ടർ പരസ്യം — 2026-2027

ആലപ്പുഴ ജില്ലയിലെ ആര്യാട് ഗ്രാമപഞ്ചായത്ത് വാർഷിക പദ്ധതി 2026-27 ൽ ഉൾപ്പെട്ട പ്രോജക്റ്റ് നം. 14/2026 തെരുവ് വിളക്ക് റിപ്പയർ എന്ന പദ്ധതിയിൽ 20 വാർഡുകളിലെ തെരുവ് വിളക്ക് മെയിന്റെനൻസ് ചെയ്യുന്നതിന് അംഗീകൃത കാരാറുകാരെ/ലൈസൻസികളെ കരാർ അടിസ്ഥാനത്തിൽ എഗ്രിമെന്റ് തീയതി മുതൽ ഒരു വർഷ കാലയളവിലേക്ക് ആവശ്യമുണ്ട്.

ടെണ്ടർ ഫോം വിതരണം ചെയ്യുന്ന അവസാന തീയതിയും സമയവും . 28.07.2026 പകൽ 12 മണി വരെ

ടെണ്ടർ സമർപ്പിക്കേണ്ട അവസാന തീയതിയും സമയവും : 28.07.2026 3 pm

ടെണ്ടർ തുറക്കുന്ന തീയതിയും സമയവും : 28/07/2026 3.30 പി എം

| പ്രോജക്റ്റ് നം | പദ്ധതിയുടെ പേര് | അടങ്കൽ തുക | നിരതദ്രവ്യം | ടെണ്ടർ ഫോറം വില |
|---|---|---|---|---|
| 14/2026 | തെരുവ് വിളക്ക് റിപ്പയർ | 300000 | 7500 | 200 + GST |

ടെണ്ടർ ഹാജരുള്ള കരാറുകാരുടെ സാന്നിദ്ധ്യത്തിൽ തുറന്ന് പരിശോധിക്കുന്നതും പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനത്തിന് വിധേയമായി അംഗീകരിക്കുന്നതുമായിരിക്കും.

## ദർഘാസ് നിബന്ധനകൾ

1. തെരുവ് വിളക്ക് മെയിന്റനൻസ് നടത്തുന്നതിന് സൂപ്പർവൈസറി ലൈസൻസ് ബി ക്ലാസ് ലൈസൻസ് ഉള്ള അംഗീകൃത കരാറുകാരായിരിക്കണം .
2. തെരുവ് വിളക്ക് അറ്റകുറ്റ പണികൾ നടത്തുന്നതിന് പോൾ ഒന്നിനുള്ള നിരക്കാണ് ക്വാട്ട് ചെയ്യേണ്ടത്.
3. തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾ നടത്തുന്നതിന് ആവശ്യമായ പണിയായുധങ്ങൾ ഇലക്ട്രീഷ്യന്മാർ കരുതേണ്ടതാണ്.
4. തെരുവ് വിളക്കുകളുടെ അറ്റകുറ്റ പണികൾക്ക് ആവശ്യമായ സാധനങ്ങൾ പഞ്ചായത്ത് നൽകുന്നതാണ്.
5. കരാറുകാരുടെ ലൈസൻസ് സംബന്ധമായ രേഖകളും പ്രാഥമിക കരാർ ഉടമ്പടിയും ടെണ്ടറിനൊപ്പം ഉള്ളടക്കം ചെയ്യേണ്ടതാണ്.
6. തെരഞ്ഞെടുക്കുന്നവർ സ്വന്തം ചെലവിൽ ജീവനക്കാരുടെ ഇൻഷുറൻസ് എടുക്കേണ്ടതാണ്.
7. കരാർ അംഗീകരിച്ച് നോട്ടീസ് ലഭിക്കുന്നയാൾ 200/- രൂപ മുദ്ര പത്രത്തിൽ പഞ്ചായത്തുമായി കരാർ വയ്ക്കേണ്ടതും സെക്യൂരിറ്റി ഡെപ്പോസിറ്റ് ഒടുക്കേണ്ടതുമാണ്.
8. നിരതദ്രവ്യം ഫിക്സഡ് ഡെപ്പോസിറ്റ് ആണെങ്കിൽ ആര്യാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ പ്ളഡ്ജ് ചെയ്തതായിരിക്കണം.
9. കരാർ എടുക്കുന്നവ വർക്ക് ചെയ്തതിന് ശേഷം പോസ്റ്റ് നമ്പർ സഹിതമുള്ള റിപ്പോർട്ട് വാർ◌്◌് മെമ്പറുടെ സാക്ഷ്യപത്രത്തിനൊപ്പം ഹാജരാക്കുന്ന മുറയ്ക്ക് മാത്രമേ ബിൽ തുക അനുവദിക്കുകയുള്ളു.

ARYAD GRAMA PANCHAYATH ALAPPUZHA KOMALAPURAM

സെക്രട്ടറി
ആര്യാട് ഗ്രാമപഞ്ചായത്ത്

SHIBU P.
SECRETARY
Aryad Grama Panchayath
Avalookunnu P.O., Alappuzha-6
PEN-575631
Mob: 9496043639